

# കരിമണലും കോളയും പൊതുതെരഞ്ഞെടുപ്പിൽ

**കെ. രാജേശ്വരി**

പ്രതിപക്ഷ ബഹുമാനമാണ് ജനാധിപത്യത്തിന്റെ കാതൽ. നല്ലകാര്യങ്ങൾ ആരുചെയ്താലും, കോൺഗ്രസ് ഹൈക്കമാൻഡോ മുസ്ലീംലീഗിന്റെ ആലപ്പുഴ ജില്ലാ നേതൃത്വമോ ആയാൽപോലും, അംഗീകരിക്കണം.

ഇനി മത്സരത്തിനില്ല എന്നു ശപഥം ചെയ്ത് കണ്വശ്ശാംകടവിലേക്കു വണ്ടികയറിയ വി.എം.സുധീരനെ ഉന്തിത്തള്ളിക്കൊണ്ടുവന്ന് മത്സരിപ്പിക്കുന്നതാണ് ഹൈക്കമാൻഡ് ചെയ്ത ധീരകൃത്യം. സ്ഥാനമോഹികൾക്കോ സ്ഥാനാർത്ഥിത്വമോഹികൾക്കോ ക്ഷാമമുണ്ടോ കോൺഗ്രസിൽ? ഒരിക്കലുമില്ല. വിജയസാധ്യത തെല്ലെങ്കിലുമില്ലാത്ത സീറ്റുകളിന്മേൽ അവകാശവാദമുന്നയിച്ച് ഫലിക്കാതെ വന്നപ്പോൾ കെ.പി.സി.സി. ആപ്പീസിൽ ഉണ്ണാവ്രതമനുഷ്ഠിച്ച വീരകേസരികൾവരെയുണ്ടല്ലോ. സുധീരനാണെങ്കിൽ പ്രബലനായ വെള്ളാപ്പള്ളി നടേശന്റെ കണ്ണിലെ കരടാണുതാനും. ഇതൊക്കെയായിട്ടും സുധീരൻ തന്നെവേണം ആലപ്പുഴ സ്ഥാനാർത്ഥിയാകാൻ എന്നു ശഠിച്ച കേന്ദ്രനേതൃത്വത്തിന്റെ നിശ്ചയദാർഢ്യം അഭിനന്ദനീയം.

സുധീരനാണ് സ്ഥാനാർത്ഥിയെന്ന് ഉറപ്പിച്ചയുടൻ അദ്ദേഹത്തിനെതിരെ പ്രസ്താവനയുമായി രംഗത്തുവന്ന മുസ്ലീം ലീഗിന്റെ ആലപ്പുഴ ജില്ലാനേതാക്കളും അഭിനന്ദനം അർഹിക്കുന്നു. കേരള സർക്കാരിനെ പൊതുവിലും വ്യവസായ വകുപ്പിനെ പ്രത്യേകിച്ചും അധിക്ഷേപിച്ചും വിമർശിച്ചും മുന്നേറുന്ന സുധീരനെ പിന്തുണയ്ക്കാൻ കഴിയില്ല എന്നാണ് ലീഗുകാരുടെ തത്വാധിഷ്ഠിത നിലപാട്. കരിമണൽ ഖനന പ്രശ്നത്തിൽ മാർക്സിസ്റ്റു പാർട്ടിയോടു ചേർന്നു സമരം ചെയ്ത, മന്ത്രി കുഞ്ഞാലിക്കുട്ടിയെ വ്യക്തിപരമായി ആക്ഷേപിച്ച സുധീരന് ഞങ്ങളെങ്ങനെ വോട്ടു കൊടുക്കും?

സംഗതി തികച്ചും ന്യായം. സംസ്ഥാനത്ത് വ്യവസായവൽകരണം ത്വരിതപ്പെടുത്താൻ പ്രതിജ്ഞാബദ്ധമാണ് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗും പാർട്ടിയുടെ അനിഷേധ്യനേതാവ് ജനാബ് പി.കെ. കുഞ്ഞാലിക്കുട്ടിയും. ആഗോള നിക്ഷേപസംഗമം നടത്തിയതും അതിനുവേണ്ടിയാണ്. തൽപരകക്ഷികളായ പ്രതിപക്ഷ കക്ഷികളും അവരുടെ വാലാട്ടികളായ ബുദ്ധിജീവികളും നടത്തിയ വിമർശനം സഹിക്കാം. സുധീരനെപ്പോലുള്ള കോൺഗ്രസുകാരുടെ എതിർപ്പാണ് അസഹ്യം.

കഴിഞ്ഞ മൂന്നുവർഷമായി ഐക്യജനാധിപത്യമുന്നണി സർക്കാർ നടത്തുന്ന ജനക്ഷേമകരവും വികസനോന്മുഖവുമായ സകല പരിപാടികൾക്കും ഇടങ്കോലിടലാണ് സുധീരന്റെ പതിവ്. മൂക്കുമുറിച്ചു ശകുനം മുടക്കൽ തന്നെ. കള്ളുകച്ചവടം സഹകരണസംഘങ്ങളിൽ നിന്നെടുത്തു സ്വകാര്യ വ്യക്തികൾക്കു നൽകണം എന്നു തീരുമാനിച്ചപ്പോൾ തുടങ്ങിയതാണ് എതിർപ്പ്. അതു പിന്നെ നടേശൻ മുതലാളിയോടുള്ള പഴയൊരു ചൊരുക്കെന്നു കരുതി സമാധാനിക്കാം. പൊതുമരാമത്തു വകുപ്പുവക വിശ്രമ മന്ദിരങ്ങൾ സ്വകാര്യവ്യക്തികൾക്കു പാട്ടത്തിനുകൊടുക്കാനൊരുങ്ങിയപ്പോൾ, ആലുവാപ്പുഴ കച്ചവടമാക്കാൻ തുടങ്ങിയപ്പോൾ, ആലപ്പുഴ തീരത്തെ കരിമണൽ ഖനനം സി.എം.ആർ.എല്ലിനെ ഏല്പിക്കാൻ തീരുമാനച്ചപ്പോഴൊക്കെ എതിർപ്പുകാരുടെ മുൻപന്തിയിൽ സുധീരനായിരുന്നു.

കരിമണൽ പ്രശ്നത്തിൽ എന്തു ചതിയാണിയാൾ ചെയ്തത്? പാവം തീരദേശവാസികളെ പറഞ്ഞിളക്കി സമരം ചെയ്യിച്ച് നാടിന്റെ വികസനത്തിനു തുരങ്കം വച്ചു. അല്ലറചില്ലറ പ്രതിഷേധ പ്രസ്താവനകളുമായി ചടഞ്ഞുകൂടിയിരുന്ന സഖാക്കൾ തന്നെയും സടകുടഞ്ഞെണീറ്റു സമരത്തിൽ പങ്കുചേർന്നു. കോരിച്ചൊരിയുന്ന മഴയത്ത് സുധീരനും എം.എ. ബേബിയും ഏതാനും സിനിമാതാരങ്ങളുമൊക്കെ കൈകോർത്തു മനുഷ്യച്ചങ്ങല തീർത്തു. രാജ്യസഭാതെരഞ്ഞെടുപ്പു സമയത്ത് എം.എൽ.എ.മാരെ ഉറപ്പിച്ചു നിർത്താൻ കോടികൾ ചെലവിട്ട കരിമണൽ ലോബിയുടെ കാര്യം കട്ടപ്പുക!

കരിമണൽ ഖനനം പോലെയുള്ള ഒരു ജീവൽ പ്രശ്നം തെരഞ്ഞെടുപ്പു വിഷയമാക്കിയതിന് സാക്ഷര കേരളം മുസ്ലീംലീഗിനോട് കടപ്പെട്ടിരിക്കുന്നു. സുധീരന്റെ നിലപാട് തെറ്റായിരുന്നു എന്ന് എം.എ. ബേബി സെക്രട്ടറിയായിരിക്കുന്ന സി.പി.എം. ആലപ്പുഴ ജില്ലാ കമ്മറ്റിക്കോ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കോ പറയാൻ കഴിയില്ല. അവരാണെങ്കിൽ സിനിമാനടനെ വരെ പരീക്ഷിച്ചു പരാജയമടഞ്ഞ നിലയ്ക്ക് ഇത്തവണ സമുദായ വോട്ടിൽ കണ്ണുംനട്ട് ലത്തീൻകത്തോലിക്കാ അസോസിയേഷൻ ഭാരവാഹിയെ സ്ഥാനാർത്ഥിയാക്കിയിരിക്കയാണ്. സുധീരനെ മുക്കാൻ കരിമണൽ ലോബി ആളും അർത്ഥവുമിറക്കുമെന്നതു വ്യക്തം. കരിമണൽ ഖനനത്തെ എതിർക്കുക വഴി സുധീരൻ തീരദേശത്തെ രക്ഷിക്കുകയായിരുന്നോ വ്യവസായ പുരോഗതിയെ തുരങ്കം വെക്കുകയായിരുന്നോ എന്ന കാര്യത്തിൽ മേയ് 10 ന് ആലപ്പുഴയിലെ വോട്ടർമാർ വിധി പ്രസ്താവിക്കും. 1998-ൽ പ്രബലമായ അബ്കാരി ലോബിയോടേറ്റുമുട്ടി വിജയംവരിച്ച സുധീരന് ഇക്കുറി കാലിടറുമോ? കാത്തിരുന്നു കാണാം.

സുധീരന്റെ അതേ അവസ്ഥയിലാണ് കോഴിക്കോട്ട് എം.പി. വീരേന്ദ്രകുമാർ. പ്ലാച്ചിമടയിലെ ജനകീയ സമരത്തെ നിർണായക ഘട്ടത്തിൽ ഏറ്റെടുത്ത് ലോകസമക്ഷം അവതരിപ്പിച്ചത് വീരേന്ദ്രകുമാറും 'മാതൃഭൂമി'യുമായിരുന്നല്ലോ. നിയമയുദ്ധത്തിൽ പെരുമാട്ടി പഞ്ചായത്തിനു താങ്ങുംതണലുമായി നിന്നതും വീരൻതന്നെ. കോഴിക്കോട്ട് വീരേന്ദ്രകുമാർ തോൽക്കേണ്ടത് കോളക്കമ്പനികളുടെ ആവശ്യമാണ്. അങ്കത്തട്ടിൽ തളർന്നു നില്ക്കുന്ന അഡ്വ. ബലറാമിന് കൊക്കകോളയും പെപ്സിയും കരുത്തു പകരുമെന്നർത്ഥം.

പരിസ്ഥിതി പ്രശ്നങ്ങൾ തെരഞ്ഞെടുപ്പു വിഷയമാകുന്നത് അപൂർവമാണ്. പെരിയാർ വില്പന ഇക്കഴിഞ്ഞ എറണാകുളം ഉപതെരഞ്ഞെടുപ്പിൽ ഒരു വിഷയമേ ആയിരുന്നില്ല എന്നോർക്കുക. ഇത്തവണയും എറണാകുളം, മൂവാറ്റുപുഴ, മുകുന്ദപുരം മണ്ഡലങ്ങളിലൊന്നും കുടിവെള്ളം വില്പന വിഷയമാക്കാൻ ഇടതുമുന്നണിക്കു കഴിഞ്ഞിട്ടില്ല. മലമ്പുഴ വെള്ളം

*(തുടർച്ച 44-ാം പേജിൽ)*

# മലയോര ഹൈവേ (കി. മീ)



**നിർദ്ദിഷ്ട മലയോരഹൈവേയുടെ മാപ്പ്**

**(കാസർഗോഡ് മുതൽ പാലക്കാട് വരെ)**

**കാസർകോട് ജില്ല (മൊത്തം 138.75 കി.മീ., ചിലവ് 50 കോടി)**

നന്ദാരപ്പടവ് (6.2) സുംഗതകട്ട (3.5) മരതന (7.2) മിയ്യാപടവ് (2.2) കലായി (1.0) പൈവളികെ (3.4) ചേവാർ (2.6) പുത്തിഗെ (4.5) അങ്ങാടി മുഗൊരു (11.5) പെരള (6.8) ശൂരാമ്പിൽ (4.2) കിന്നിംഗർ (12.1) മുള്ളേരിയ (6.0) പട്ടിയ തടുക്ക (1.8) ചിർത്തോട്ടി (3.8) അതിനാഡി (1.2) പല്ലാംകോട്പാലം (5.0) പാണ്ടി (--) ആനക്കല്ല് (4.0) പൂക്കയം (3.0) മലക്കല്ല് (0.9) കല്ലാർ (5.8) മരുതോം (2.0) ചുള്ളി (2.8) മാലോം (3.1) പള്ളിക്കടവ് (7.4) ചിറ്റാരിക്കൽ (5.0) ചെറുപുഴ

**കണ്ണൂർ ജില്ല (മൊത്തം 107.5 കി.മീ. ചിലവ് 51.07 കോടി)**

ചെറുപുഴ (2.8) മഞ്ഞക്കാട് (16.0) ആലക്കോട് (2.9) കരുവാൻചാൽ (4.0) ഒടുവള്ളിത്തട്ട് (8.0) നടുവിൽ ചെമ്പേരി (7.0) പയ്യാവൂർ (12.5) ഉളിക്കൽ (5.6) ഇരിട്ടി (13.9) പേരാവൂർ (0.9) ചെവിടിക്കുന്ന് (2.1) തുണ്ടയിൽ (2.0) മനത്തന (12.4) കൊട്ടിയൂർ (4.8) അമ്പായത്തോട് (6.5) ബോയ്സ് ടൗൺ

**വയനാട് ജില്ല (മൊത്തം 77.5 കി.മീ. ചിലവ് 37.28 കോടി രൂപ)**

ബോയ്സ് ടൗൺ (12.6) മാനന്തവാടി (6.0) നാലാം മൈൽ (8.0) അഞ്ചുകുന്ന് (1.0) പനമരം (14.0) കൈനാട്ടി (3.6) കൽപ്പറ്റ (8.0) കപ്പൻ കൊല്ലി (12.0) മേപ്പാടി (13.0) ചൂരമല (5.0) അരുണപുഴ

**മലപ്പുറം ജില്ല (മൊത്തം 64.7 കി.മീ, ചിലവ് 26.25 കോടി രൂപ)**

അരുണപുഴ (10.0) തമ്പുരാട്ടികല്ല് (15.0) പാലുണ്ട (1.9) എടക്കര (--) ചന്തക്കുന്ന് (9.0) പൂക്കോട്ടുപാടം (11.6) കാളികാവ് (5.6) കേരളം (15.0) ആനവായിൽ

**പാലക്കാട് ജില്ല (മൊത്തം 34 കി.മീ., ചിലവ് 14.75 കോടി)**

ആനവായിൽ (11.0) മുക്കാലി (14.0) മണ്ണാർകാട്

**കോഴിക്കോട് ജില്ലയിലെ ലൂപ്പ് റോഡ്–മൊത്തം 111.2 കി.മീ, ചിലവ് 110 കോടി രൂപ.**

*(പേജ് 19-ൽ നിന്നുള്ള തുടർച്ച)*

വില്പന പാലക്കാട്, ഒറ്റപ്പാലം മണ്ഡലങ്ങളിലും തെരഞ്ഞെടുപ്പു വിഷയമായിട്ടില്ല. പ്ലാച്ചിമടയിൽ കോള ഫാക്ടറി ആരംഭിച്ചതും മലമ്പുഴ, പെരിയാർ ജലവില്പനക്കുള്ള കടലാസുപണികൾ തുടങ്ങിവച്ചതും കഴിഞ്ഞ ഇടതുപക്ഷ സർക്കാരായിരുന്നു. സഖാക്കൾ ശിവദാസമേനോനും കെ. ഇ. ഇസ്മായിലും എങ്ങനെ കൊക്കകോളയെ എതിർക്കും? അവരാണല്ലോ ആലവട്ടവും വെൺചാമരവുമായി കോളക്കമ്പനിയെ വരവേറ്റ് പ്ലാച്ചിമടയിൽ പ്രതിഷ്ഠിച്ചത്.

പരിസ്ഥിതി പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഇടതു-വലതുപക്ഷ രാഷ്ട്രീയ നേതൃത്വങ്ങൾ ഒരുപോലെ ചിന്താദരിദ്രവും അയഥാർത്ഥവുമായ നിലപാടാണ് കൈക്കൊള്ളാറ്. ഒന്ന് മറ്റേതിനേക്കാൾ അഴിമതി കുറഞ്ഞതെന്ന് സമാധാനിക്കുകയേ വഴിയുള്ളു. സൈലന്റ് വാലി പദ്ധതിക്കുവേണ്ടി വാദിച്ചത് തെറ്റായെന്നു തിരിച്ചറിയാൻ മര്യാദാപുരുഷോത്തമനായ സഖാവ് പി.കെ. വാസുദേവൻനായർക്ക് കാൽനൂറ്റാണ്ടു വേണ്ടി വന്നു. സിംഹവാലൻ കുരങ്ങിനെ രക്ഷിക്കാൻവേണ്ടി സൈലന്റ് വാലി ഉപേക്ഷിച്ചതാണ് സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതിയെ തടഞ്ഞതെന്ന് ഇപ്പോഴും ശഠിക്കുന്നു, സി.പി.എം. പോളിറ്റ്ബ്യൂറോ മെമ്പർ സഖാവ് ഇ. ബാലാനന്ദൻ. സീതിഹാജിയിൽ നിന്നു ബാലാനന്ദനിലേക്കുള്ള അകലം എത്രയോ തുച്ഛം!

വന്നിട്ടും പോയിട്ടും ആകെ ഒരു അച്യുതമേനോനേ ഉണ്ടായുള്ളു എന്നത് കേരളത്തിന്റെ നിർഭാഗ്യം.

